മുൻകാല പ്രാബല്യത്തോടെ 160 രൂപയായും, 20-6-2008-ലെ സ.ഉ.(എം.എസ്)37/08/സാക്ഷേവ നമ്പർ ഉത്തരവു പ്രകാരം 1-4-2008 മുതൽ മുൻകാല പ്രാബല്യത്തോടെ 200 രൂപയായും, 14-1-2010-ലെ സ.ഉ(എംഎസ്.) 2/10/സാക്ഷേവ നമ്പർ ഉത്തരവുപ്രകാരം 1-4-2009 മുതൽ മുൻകാല പ്രാബല്യത്തോടെ 250 രൂപയായും, 23-6-2010-ലെ സ.ഉ.(എംഎസ്.)38/10/സാ.ക്ഷേ.വ. നമ്പർ ഉത്തരവുപ്രകാരം 1-4-2010 മുതൽ മുൻകാല പ്രാബല്യത്തോടെ 300 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) വികലാംഗ പെൻഷൻ, നിലവിൽ പ്രതിമാസം 300 രൂപാ നിരക്കിലാണ് നൽകി വരുന്നത്. വിവിധ ജില്ലകളിൽ ടി പദ്ധതി പ്രകാരം 2 മുതൽ 4 മാസം വരെ കുടിശ്ശികയുണ്ട്.

കാർഷിക ജലസേചന മേഖല

91 (4981) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക ജലസേചന മേഖലയിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) കാർഷിക ജലസേചന മേഖലയിൽ നടപ്പുവർഷം പരിഗണനയിലുള്ള പ്രധാന പരിപാടികൾ വ്യക്തമാക്കാമോ ;

(സി) വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ വർഷവും കാർഷിക ജലസേചന പരിപാടികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കാർഷിക ജലസേചന മേഖലയിൽ കഴിഞ്ഞ 3 വർഷങ്ങളിൽ ഓരോ വർഷവും ചെലവഴിച്ച തുക ഇനി പറയും വിധമാണ്.

ചീഫ് എഞ്ചിനീയർ (ഐ&എ)-യുടെ കീഴിൽ.

2007-08-19.49241 കോടി രൂപ.

2008-09-19.85408 കോടി രൂപ.

2009-10- 21.79927 കോടി രൂപ.

ചീഫ് എഞ്ചിനീയർ പ്രോജക്ട് -2-നു കീഴിൽ

2007-08-113.07 കോടി രൂപ.

2008-09-100.84 കോടി രൂപ.

2009-10-69.32 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് എഞ്ചിനീയർ പ്രോജക്ട്-1-നു കീഴിൽ

2007-08-42.7979184 കോടി രൂപ.

2008-09-41.6632736 കോടി രൂപ.

2009-10-62.3644981 കോടി രൂപ.

കാഡയുടെ കീഴിൽ കാർഷിക ജലസേചന മേഖലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2007-08-938.756 ലക്ഷം

2008-09-813.961 ലക്ഷം

2009-10-540.063 ലക്ഷം

(ബി) ചീഫ് എഞ്ചിനീയർ പ്രോജക്ട് 1-ന് കീഴിലുള്ള പദ്ധതികളിൽ പൂർത്തീകരിച്ചവയ്ക്ക് വാർഷിക അറ്റകുറ്റപ്പണികൾക്കായി നൽകുന്ന ബഡ്ജറ്റ് വിഹിതത്തിനനുസരിച്ച് പ്രവൃത്തികൾ നടത്തിവരുന്നു. കാരാപ്പുഴ പദ്ധതി 20-6-2010-ന് ഭാഗീകമായി കമ്മീഷൻ ചെയ്തു. ചമ്രവട്ടം പദ്ധതി ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. പലകപ്പാണ്ടി പദ്ധതി അവസാന ഘട്ടത്തിലാണ്. കുറ്റ്യാടി പദ്ധതി മലബാർ പാക്കേജിൽ (MIRPA) ഉൾപ്പെടുത്തി നവീകരിക്കുന്നു. മലമ്പുഴ, ചിറ്റൂർപുഴ, കാഞ്ഞിരപ്പുഴ എന്നിവയിൽ പ്രധാന മന്ത്രിയുടെ പാക്കേജ് (ERM)-ൽ ഉൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

പ്രോജക്ട്-2 ചീഫ് എഞ്ചിനീയറുടെ കീഴിൽ മൂവാറ്റുപുഴ ഇടമലയാർ ജലസേചന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കാർഷിക ജലസേചന മേഖലയുടെ ഉന്നമനത്തിനായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ചീഫ് എഞ്ചിനീയർ(ഐ&എ)-യുടെ കീഴിൽ പരിഗണനയിലുള്ള പ്രധാന പരിപാടി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന RIDF XVI ആണ്. പ്രസ്തുത പദ്ധതിക്ക് നബാർഡ് 80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ജലസേചന മേഖലയിൽ വി.സി.ബി.കൾ, തടയണകൾ, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ മുതലായവ നടപ്പിലാക്കി കൃഷിയോഗ്യമായ ആയക്കെട്ട് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതു കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി മലബാർ ഇറിഗേഷൻ പാക്കേജിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണം, ചെക്ക് ഡാമുകളുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവയും ഏറ്റെടുക്കുന്നുണ്ട്. സംസ്ഥാനത്തെ കുളങ്ങളുടേയും ടാങ്കുകളുടേയും നവീകരണത്തിനായി ഒരു പ്രത്യേക പദ്ധതിയും ഇക്കൊല്ലം വിഭാവനം ചെയ്തിട്ടുണ്ട്.

കാഡയുടെ കീഴിൽ ജലസേചന പദ്ധതികളുടെ ആയക്കെട്ട് പ്രദേശത്ത് ഫീൽഡ് ചാനൽ നിർമ്മിച്ച് ജല ലഭ്യത ഉറപ്പു വരുത്തുക, ഫീൽഡ് ഡ്രെയിൻ നിർമ്മിച്ചും മറ്റും വെള്ളക്കെട്ടു നിവാരണ പ്രവർത്തനങ്ങൾ നടത്തുക, ഉപയോഗശൂന്യമായി കിടക്കുന്ന ഡിസ്ട്രിബ്യൂട്ടറികളുടെ അറ്റകുറ്റപ്പണികൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുക തുടങ്ങിയ ഒ.എഫ്.ഡി. വർക്കുകളും മാതൃകാ കൃഷി പ്ലോട്ടുകൾ തുടങ്ങുക, കർഷക പരിശീലനങ്ങൾ നടത്തുക തുടങ്ങിയ കാർഷിക വികസന പ്രവർത്തനങ്ങളും നടത്തുന്നതിന് നടപ്പുസാമ്പത്തിക വർഷം ലക്ഷ്യമിട്ടിട്ടുണ്ട്. നടപ്പുവർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന കാഡ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഫീൽഡ് ചാനൽ 827 ഹെക്ടർ

ഫീൽഡ് ഡ്രെയിൻ 2550 ഹെക്ടർ

വെള്ളക്കെട്ട് നിവാരണ പ്രവൃത്തികൾ 907 ഹെക്ടർ

കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ 433 ഹെക്ടർ

ഡമോൺസ്ട്രേഷൻ
(പ്രദർശന പരിപാടി) 280 ഹെക്ടർ

കർഷക പരിശീലന പരിപാടി 29 എണ്ണം

(സി) ചീഫ് എഞ്ചിനീയർ പ്രോജക്ട്-1-നു കീഴിൽ വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ സ്ഥിതി ചെയ്യുന്ന കാരാപ്പുഴ പദ്ധതിയുടെയും ബാണാസുര സാഗർ പദ്ധതി (മാനന്തവാടി താലൂക്കിലും ഉൾപ്പെടുന്നുണ്ട്) യുടെയും കഴിഞ്ഞ മൂന്ന് വർഷത്തെ ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

ചീഫ് എഞ്ചിനീയർ (ഐ&എ) യുടെ കീഴിൽ

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ കഴിഞ്ഞ - 3 വർഷങ്ങളിൽ ചെലവഴിച്ച തുക താഴെ ചേർക്കുന്നു.

2007-08 - 15,19,366 രൂപ.

2008-09 - 23,70,014 രൂപ.

2009-10 - 92,49,260 രൂപ

ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണം

92 (4982) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് എന്നാണ് ആരംഭിച്ചത് എന്ന് അറിയിക്കുമോ ;

(ബി) എന്തായിരുന്നു ഈ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ;

(സി) നിലവിൽ ഈ പ്രോജക്ടിന്റെ എത്ര ശതമാനം പണി പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly